**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** **24-06-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം നിലവിൽ വന്നിട്ടുണ്ട്. |
| (ബി) | നിലവിൽ എവിടെയെല്ലാം സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | കണ്ണൂർ, മലപ്പുറം, പാലക്കാട്, കോട്ടയം, പത്തനംത്തിട്ട, കോഴിക്കോട്, എറണാകുളം, കൊല്ലം, ഇടുക്കി എന്നീ ജില്ലകളിലായി 22 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മെ. കടമ്പൂർ ഇൻഡസ്ട്രീസ് പാർക്ക്, മെ. ഫെതർലൈക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്വകാര്യ വ്യവസായ പാർക്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് കുറഞ്ഞത് എത്ര ഏക്കർ സ്ഥലം ആവശ്യമാണെന്ന് വ്യക്തമാക്കുമോ; | (സി) | കുറഞ്ഞത് പത്ത് ഏക്കർ ഭൂമിയുള്ള വിവിധ സ്ഥാപനങ്ങൾക്കും കുടുംബങ്ങൾക്കും സ്വകാര്യ വ്യവസായ എസ്റ്റേറ്റ് തുടങ്ങുന്നതിനും കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള വ്യക്തികൾ ഉൾപ്പടെയുള്ളവർക്ക് Standard Design Factory (SDF) സ്ഥാപിക്കുന്നതിനും അപേക്ഷിക്കാവുന്നതാണ്. സ്വന്തമായി സ്ഥലം ഉള്ളവർക്കും, 30 വർഷമോ അതിലധികമോ കാലാവധിയിൽ പാട്ടത്തിനെടുത്ത ഭൂമി ഉള്ളവർക്കും സ്വകാര്യ വ്യവസായ എസ്റ്റേറ്റിനുള്ള ഡെവലപ്പർ പെർമിറ്റിനായി അപേക്ഷിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത എസ്റ്റേറ്റുകൾ വഴി വ്യവസായ സംരംഭകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം, ഡ്രെയിനേജ്, ETP/CETP എന്നിവ വികസിപ്പിക്കുന്നതിനും ലബോറട്ടറി, ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങൾക്കുമായി ഡെവലപ്പർക്ക് ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ |

| | | | |
|---|---|---|---|
| | | | വരെ ധനസഹായം സർക്കാർ നൽകുന്നു. ഈ തുക റീ- ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് അനുവദിക്കുക. |

സെക്ഷൻ ഓഫീസർ